# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലകമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ ടി.വി.എം /ജി.പി. 7/1814/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ ടി.വി.എം /ജി.പി. 7/1814/21 തീയ്യതി: 14/03/2022

## തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുമംഗല.വി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ്.എം.കെ. | സെക്രട്ടറി | 01-04-2019 | 11-04-2019 |
| ശ്രീ. സ്റ്റാർലി.ഒ.എസ്. | സെക്രട്ടറി | 12-04-2019 | 11-07-2019 |
| ശ്രീമതി ജെസി.എസ്. | സെക്രട്ടറി | 12-07-2019 | 25-08-2019 |
| ശ്രീ. രാജമോഹൻ പോറ്റി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-08-2019 | 15-09-2019 |
| ശ്രീമതി ജെസി.എസ്. | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജമോഹൻ പോറ്റി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രേമവല്ലി.എം. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ജോണി.എസ്.പെരേര | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. നിഷ.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ബ്രിജില.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. സൈജു.എ.ബി. | വെറ്റിനറി സർജൻ | 01-04-2019 | 15-01-2020 |
| ഡോ. രാജേഷ് ചന്ദ്രൻ | വെറ്റിനറി സർജൻ | 16-01-2020 | 31-01-2020 |
| ഡോ. അർച്ചന.എ. | വെറ്റിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി വിസി.ബി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സ്നേഹ ബാബു.എച്ച്. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ആശാറാണി.ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീ. ആദർശ് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി നിർമ്മല.എസ്. | എച്ച്.എം. | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീത.ടി. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി<br>Written By: Praveen N.G (Asst. Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-5-1 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-5-2 |
| 8 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നു<br>Written By: Praveen N.G (Asst. Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-5-3 |
| 9 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lisha.K.V (Asst. Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-8 |
| 12 | തൊഴിലുറപ്പ് പദ്ധതി -കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-8-1 |
| 13 | കയർ ഭൂവസ്ത്രം വിരിക്കൽ-വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-8-2 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-03-2022) | 1-9 |
| 15 | വസ്തു നികുതി അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-10 |
| 16 | കെട്ടിട നമ്പർ നൽകലും നികുതി നിർണയവും- അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-11 |
| 17 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-11-2021) | 1-12 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | |
| 18 | ലൈസൻസ് നൽകൽ - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-13 |
| 19 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-14 |
| 20 | ഓഡിറ്റ് - തുടർ നടപടികൾ ഊർജ്ജിതമാക്കണം<br>Written By: Manesh.B.H (Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-15 |
| 21 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-16 |
| 22 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-17 |
| 23 | വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഇല്ല<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-18 |
| 24 | ആസ്തി സംരക്ഷണ നടപടികൾ ഊർജ്ജിതമാക്കണം<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-19 |
| 25 | തെരുവുനായ്ക്കളുടെ നിയന്ത്രണം-തുകയുടെ വിനിയോഗവിവരം ലഭ്യമല്ല - 2,24,700/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-20 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമല്ല<br>Written By: Praveen N.G (Asst. Audit Officer, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-21 |
| 27 | പാഥേയം പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല<br>Written By: Praveen N.G (Asst. Audit Officer, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-22 |
| 28 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം  ലഭ്യമാക്കിയില്ല- 2,40,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-23 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, ഫയൽ സൂക്ഷിപ്പ് എന്നിവയിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-24 |
| 30 | ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-25 |
| 31 | മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. - രേഖകൾ പൂർണമായി ലഭ്യമാക്കിയില്ല – 477210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-26 |
| 32 | മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-27 |
| 33 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല -737480/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 30-11-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | |
| 34 | അക്കൌണ്ട് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-29 |
| 35 | വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി തുക ചെലവഴിച്ചു- ലക്ഷ്യം കൈവരിച്ചില്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-30 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി - ഹെഡ് മാറി ബുക്ക് ചെയ്തു- അധികം നല്കിയ 14351/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-31 |
| 37 | തെരുവ് വിളക്ക വാങ്ങി സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 1-32 |
| 38 | ഗാർഹിക കുടിവെള്ള കണക്ഷൻ- കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല- ചെലവു തുക 30000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | 1-33 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 01-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 01-12-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 01-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 01-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 28-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 01-12-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 05-03-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 16.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.03.2020 ലെ I(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 200061818.93/- രൂപ വരവും 191871265/-രൂപ ചെലവും നീക്കിയിരിപ്പ് 8190553.93/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 09.06.2020 |

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)എയിംസ് മുഖേന സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ്, ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളും അവയുടെ അബ്സ്ട്രാക്റ്റ് പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. എയിംസ് മുഖേന സമർപ്പിച്ച 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളല്ല 2020-21 വർഷത്തെ മുന്നിരിപ്പ് തുകകളായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.49/27.11.2021 ന് ലഭിച്ച മറുപടിയിൽ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂളുകൾ എയിംസിൽ അപ്‌ലോഡ് ചെയ്യുമ്പോൾ തെറ്റായ ഷെഡ്യൂൾ ഉൾപ്പെടുത്തിയതിനാലാണ് മേൽ അപാകത സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. ശരിയായ ഷെഡ്യൂളുകൾ ഉൾപ്പെടുത്തി വാർഷിക ധനകാര്യപത്രിക മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. എയിംസിൽ അപ്‌ലോഡ് ചെയ്ത ഷെഡ്യൂളുകളിലെ അപാകം പരിഹരിച്ച് 2020-21-ലെ അക്കൗണ്ട്സിൽ സംഭവിച്ച അപാകത പരിഹരിക്കേണ്ടതാണ്.

2)ലൈഫ് പദ്ധതിക്ക് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും പ്രോജക്റ്റ് നം.141/20 പ്രകാരം 200000/- രൂപയും പ്രോജക്റ്റ് നം.163/20 പ്രകാരം 100000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

3)പ്രോജക്റ്റ് നം.37/20 അംഗൻവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച 382270/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) 2019-20 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

5)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6)2019-20 സാമ്പത്തിക വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Closing Balance-ൽ ഒരേ ഇനത്തിന് Debit, Credit നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു. ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഇത്തരത്തിൽ ഒരേ ഇനത്തിന് Debit, Credit ബാലൻസ് തുകകൾ രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7)2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-4, Fixed Asset -ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement ഷെഡ്യൂൾ I-17(a) -ൽ കണക്കാക്കിയിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ പ്രകാരമുള്ള Accumulated Depreciation ആണ് തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

8)കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും ലൈസൻസിനും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം വസ്തു നികുതിക്ക് വർഷാരംഭത്തിൽ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2019 |
| 110100103 | Property Tax On Non-residential Building | 01.04.2019 |

9)2019-20 വർഷം താഴെപ്പറയുന്ന കാഷ് ബുക്ക്, ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ്(-ve) രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

*കാഷ് ബുക്ക്*

| Head Code | Description | Debit | Credit |
|---|---|---|---|
| 07.05.2019 | Opening Balance | 32823 | |
| | Daily Collection | 7251 | |
| | Payment | | 197447 |
| | Closing Balance | (157373.00) | |
| 08.05.2019 | Opening Balance | | (157373.00) |
| | Daily Collection | 5592 | |
| | Treasury Tsb Transfer | 180345 | |
| | Payment | | 38420 |
| | Closing Balance | (157373.00) | |

| ബാങ്ക് ബുക്ക് -450250110 Treasury TSB | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 25.03.2020 | Opening Balance | 294163 | |
| | Receipt | 1000 | |
| | Payment | | 584567 |
| | Closing Balance | (289404.00) | |
| | No Transaction From 26.03.20 To 29.03.20 | | |
| 08.05.2019 | Opening Balance | | (289404.00) |
| | Receipt | 64080 | |
| | Payment | | 315174 |
| | Closing Balance | (540498.00) | |

10)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ വിതരണ തുകയും സേവന ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| ക്ഷേമപദ്ധതിയുടെ പേര് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്(1-14d) | ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 469800 | 727800 |
| വിധവാ പെൻഷൻ | 4846200 | 7931400 |
| വാർദ്ധക്യകാല പെൻഷൻ | 8849400 | 14417700 |
| വികലാംഗ പെൻഷൻ | 1228400 | 1980200 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 55800 | 90600 |

11)2018-19 ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തനത് വരുമാനത്തിൽ തുക ലഭിക്കാനില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, താഴെപ്പറയുന്ന ഹെഡുകളിൽ കുടിശ്ശികയിനത്തിൽ വരവുണ്ട്.

| ഹെഡ് | ഇനം | തുക |
|---|---|---|
| 280100101 | Property Tax Residential Building | 5520 |
| 280100102 | Profession Tax- Institution/traders | 1800 |
| 280100104 | Property Tax Non Residential | 19446 |
| 280200201 | Licence Fee For Dangerous And Offensive Traders | 500 |

12)460600199 Other Deposits ഇനത്തിൽ 4500/- രൂപ അനവദിച്ചത് സംബന്ധിച്ച് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് മുതൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13)ലൈഫ് ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1)2019-20 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കുടിശ്ശിക ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13256993 | 13256993 | 10957834 | 2299159 | 202269 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10555824 | 10555824 | 6776721 | 3779103 | 745107 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10434572 | 10434572 | 6859401 | 3575171 | 1959793 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9653000 | 9653000 | 4209427 | 5443573 | 1284235 |
| മെയിന്റനൻസ് ഗ്രാന്റ്- | 0 | 3970000 | 3970000 | 2789183 | 1180817 | 81495 |

| | | | | | | |
|---|---|---|---|---|---|---|
| റോഡിതരം | | | | | | |
| എം.എൻ.ആർ.ഇ.ജി.എസ് | 5773 | 21359647 | 21365420 | 21011155 | 354265 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 992324 | 0 | 992324 | 0 | 992324 | - |
| ഐ.സി.ഡി.എസ് | 783723 | 925196 | 1708919 | 1234951 | 473968 | - |
| ടോട്ടൽ സാനിറ്റേഷൻ | 646851 | 0 | 646851 | 106059 | 540792 | - |
| കേരളോത്സവം ഗ്രാന്റ് | 4146 | 0 | 4146 | 0 | 4146 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 0 | 319998 | 0 | 300000 | 19998 | - |
| വിമുക്തി | 51350 | 0 | 51350 | 0 | 51350 | - |
| വേസ്റ്റ് മാനേജ്മെന്റ് | 850000 | 0 | 850000 | 130000 | 720000 | - |
| അഗതി രഹിതകേരളം | 0 | 1313935 | 1313935 | 1313935 | 0 | - |
| പൈക്ക ഗ്രാന്റ് | 10000 | 0 | 10000 | 0 | 10000 | - |
| ബഡ്സ് സ്കൂൾ നിർമ്മാണം | 1250000 | 0 | 1250000 | 0 | 1250000 | - |
| ഗ്രാന്റ് ജില്ലാ കളക്ടർ | 125000 | 0 | 125000 | 0 | 125000 | - |
| ഗ്രാന്റ് അലോപ്പതി | 0 | 7920 | 7920 | 7920 | 0 | - |

ഗ്രാമപഞ്ചായത്തിന് തൻവർഷം വകയിരുത്തിയ വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്(ലാപ്സായ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ്). പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ ഗ്രാന്റുകൾ ചെലവഴിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

2)ഗ്രാമപഞ്ചായത്തിന് വിവിധ വർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് പ്രകാരം | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 320100115 | 40792 | 0 | 40792 |
| 2 | 320100299 | 10000 | 0 | 10000 |
| 3 | 320200301 | 1250000 | 0 | 1250000 |
| 4 | 320200307 | 125000 | 0 | 125000 |
| 5 | 320500101 | 51350 | 0 | 51350 |
| 6 | 320200322 | 4126 | 0 | 4126 |

3)2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 13256993 | 10957834 | 2299159 |
| | Grant Statement | 13256993 | 11348737 | 1908256 |
| Development Fund (SCP) | ACR | 10555824 | 6776721 | 3779103 |
| | Grant Statement | 10555824 | 6967897 | 3587927 |

പ്രസ്തുത വ്യത്യാസം (ചെലവിൽ വന്നിട്ടുള്ളതാണ്) കൃത്യമായി കണ്ടെത്തി ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 100133562 | 111 | 38909669 | 0 | 59 | 65 |

പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യം

ആസൂത്രണ സമിതി

1)പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

എ)ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണ സമിതി മിനിട്സിന്റെ പരിശോധനയിൽ, ഇപ്രകാരമുള്ള ഇടപെടലുകൾ ആസൂത്രണ സമിതി നടത്തിയതായി കാണുന്നില്ല.

29.09.2018-ൽ നടന്ന യോഗത്തിൽ പങ്കെടുത്ത 9 പേരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു കഴിഞ്ഞ്, 17.01.2020-ൽ 2020-21 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ പങ്കെടുത്ത 8 പേരുടെ ഹാജർ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

വരും വർഷങ്ങളിൽ ആസൂത്രണ സമിതി യോഗങ്ങളുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 33/23.11.2021)

ബി)ഭരണസമിതി തീരുമാനം നമ്പർ 1(1)/27.09.2018 പ്രകാരം ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

സി) 2019-20 വാർഷിക പദ്ധതിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗം 02.10.2018-ൽ നടന്നു. അതിലും ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

2)വികസന സെമിനാറിന്റെ മിനിട്സും 2019-20 വർഷത്തെ വികസന രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

2019-20 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളെ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. കൃഷി, പൊതുഭരണവും ധനകാര്യവും, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ദാരിദ്ര്യ ലഘൂകരണം, ചെറുകിട വ്യവസായം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടേതൊഴികെ മറ്റ് വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ലഭ്യമാക്കിയ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ, 28.12.2018, 28.12.2019 തീയതികളിൽ നടന്ന യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള ശ്രമം ശ്ലാഘനീയമാണ്.

| ക്രമ നമ്പർ | മേഖല | പ്രശ്നം | തീവ്രത |
|---|---|---|---|

| | | | |
|---|---|---|---|
| I | ആരോഗ്യം | കുടിവെള്ള സംവിധാനം | അതീവ ഗുരുതരം |
| Ii | | മാലിന്യ സംസ്കരണം | അതീവ ഗുരുതരം |
| Iii | കൃഷി | നെൽപ്പാടം തരിശിടാനുള്ള പ്രവണത | അതീവ ഗുരുതരം |

കുടിവെള്ള സംവിധാനത്തിന് കിണർ റീചാർജിംഗ്, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുള്ളതാണെന്നും എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ഹരിത കർമ്മസേന വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി പ്രകാരം തരിശുഭൂമി നെൽകൃഷിയ്ക്ക് പദ്ധതി വകയിരുത്തിയതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിനായി 150000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

2019-20 വർഷം അംഗീകാരം വാങ്ങിയ 61 മരാമത്ത് പ്രവൃത്തികളിൽ 30 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാത്ത 31 പ്രവൃത്തികളിൽ 2 സ്പിൽഓവർ പ്രവൃത്തികളുണ്ട്.

1)നടപ്പാക്കാത്ത പ്രവൃത്തികളിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് നമ്പർ |
|---|---|---|
| 1 | ചാവരുകാവ് അംഗൻവാടി നവീകരണം (SO) | 171/20 |
| 2 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം (SO) | 178/20 |
| 3 | മലവിള കോളനി റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റ് | 75/20 |
| 4 | കല്ലുവിളാകം റോഡ് റീ ടാറിംഗ് | 82/20 |
| 5 | കൊച്ചു പാരിപ്പള്ളിമുക്ക് ചരുവിൽ റോഡ് കോൺക്രീറ്റിംഗ് | 98/20 |
| 6 | പോങ്ങറക്കോണം റോഡ് സംരക്ഷണം | 108/20 |
| 7 | കൃഷി ഭവൻ ഗോഡൌൺ അറ്റകുറ്റപ്പണി | 110/20 |
| 8 | സെൻട്രൽ എൽ.പി.എസ് ചുറ്റുമതിൽ നിർമ്മാണം | 114/20 |
| 9 | എഫ്.എച്ച്.സിയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ | 116/20 |
| 10 | തെങ്ങുവിള കോളനി റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം | 117/20 |
| 11 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 129/20 |
| 12 | സ്കൂളുകളിൽ മിനി എം.സി.എഫ്. നിർമ്മാണം | 191/20 |
| 13 | തോണിപ്പാറ പി.എച്ച്.സി. മന്ദിര നിർമ്മാണം | 194/20 |

| | | |
|---|---|---|
| 14 | പകൽവീട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 196/20 |

നടപ്പാക്കാത്ത പ്രവൃത്തികളിൽ 13 എണ്ണം ക്യൂ ബിൽ ആയതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/22.11.2021).

പഞ്ചായത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ലായെന്നാണ് വിശദീകരണം. ഇപ്രകാരം സ്ഥലം കണ്ടെത്താതെ രണ്ട് വർഷം തുടർച്ചയായി ഫണ്ട് വകയിരുത്തിയത് ഉചിതമായ നടപടിയല്ല.

തോണിപ്പാറ പി.എച്ച്.സി. മന്ദിര നിർമ്മാണം പ്രവൃത്തി ജില്ലാ പഞ്ചായത്ത് പ്രോജക്ടിനൊപ്പം വകയിരുത്തിയതാണെന്നും ജില്ല പഞ്ചായത്ത് പ്രവൃത്തി ക്യാൻസൽ ചെയ്തതിനാൽ ക്യാൻസൽ ചെയ്യാനായി അറിയിച്ചിട്ടുണ്ടെന്നുമാണ് വിശദീകരണം.

തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ആകെ 2,71,69,733/- രൂപ അടങ്കൽ വച്ചിരുന്നതിൽ 1,07,24,675/- രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് ശതമാനം 39.5).

ഫണ്ടുകളുടെ പൂർണവും ഫലപ്രദവുമായുള്ള വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 155 | 211440 |
| കർഷകതൊഴിലാളി പെൻഷൻ | 249 | 727800 |
| വിധവ പെൻഷൻ | 1534 | 7931400 |
| വാർദ്ധക്യകാല പെൻഷൻ | 3220 | 14417700 |
| വികലാംഗ പെൻഷൻ | 371 | 1980200 |
| വിവാഹധനസഹായം | 8 | 240000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 90600 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| ശാന്ത | 102270100348 | കർഷകതൊഴിലാളി | 21.02.20 | ആക്ടീവ് | 03/20 മുതൽ 10/21 വരെ [03/20-1200, 04/20-08/20- |

| | | | | | |
|---|---|---|---|---|---|
| | | | | | 1300×5=6500, 09/20-12/20-1400×4=5600, 01/21-03 /21-1500×3=4500, 04/21-10 /21-1600×7=11200] |
| ശ്യാമള | 101720203891 | വാർദ്ധക്യകാലം | 19.2.20 | ആക്ടീവ് | 03/20 മുതൽ 10/21 വരെ [03/20-1200, 04/20-08/20-1300×5=6500, 09/20-12/20-1400×4=5600, 01/21-03 /21-1500×3=4500, 04/21-10 /21-1600×7=11200] |
| വിജയൻ | 102270201698 | വാർദ്ധക്യകാലം | 23.01.20 | ആക്ടീവ് | 02/20 മുതൽ 10/21വരെ [02/20-03 /20-1200×2=2400 04/20-08/20-1300×5=6500, 09/20-12/20-1400×4=5600, 01/21-03 /21-1500×3=4500, 04/21-10 /21-1600×7=11200] |
| സുരഭില | 102270400215 | വിധവപെൻഷൻ | 21.01.20 | ആക്ടീവ് | 02/20 മുതൽ04/20 വരെ [02/20-03 /20-1200×2=2400 04/20-1300] |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇലകമൺ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ക്രമനമ്പർ 2 ശ്യാമള വർക്കല മുനിസിപ്പാലിറ്റിയിൽ നിന്നാണ് പെൻഷൻ വാങ്ങുന്നത്. ഇലകമൺ പഞ്ചായത്തിൽ മരണം റിപ്പോർട്ടു ചെയ്തത് യഥാസമയം വർക്കല മുനിസിപ്പാലിറ്റിയിൽ അറിയിച്ചിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തീയതി 22.11.21ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഭൂരിഭാഗം ഗുണഭോക്താക്കളെയും മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സത്യഭാമ | 25.03.19 | 102270200835 | ആക്ടീവ് |
| 2 | പൊന്നമ്മ | 26.3.19 | 102270200700 | ആക്ടീവ് |
| 3 | ലക്ഷ്മിക്കുട്ടി | 18.04.19 | 102270201590 | ആക്ടീവ് |
| 4 | തിലോത്തമ | 01.04.19 | 102270200803 | ആക്ടീവ് |
| 5 | നദീർ | 22.09.19 | 102270400170 | ആക്ടീവ് |
| 6 | ഓമനയമ്മ | 18.02.20 | 102270200444 | ആക്ടീവ് |
| 7 | ചിറ്റ | 23.10.19 | 102270100044 | ആക്ടീവ് |
| 8 | വാസു | 16.10.19 | 102270201587 | ആക്ടീവ് |
| 9 | നാരായണൻ | 05.10.19 | 102270200389 | ആക്ടീവ് |
| 10 | നടരാജൻ | 28.8.19 | 102270100178 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 11 തീയതി 22.11.21 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരെ എത്രയും പെട്ടെന്ന് പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നു

ഇലകമൺ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പി പി ഒ നം | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇന്ദിരാഭായി | ലഭ്യമല്ല | 102270201256 | 70700 | തുക അടവാക്കുന്നതിനായി കത്ത്നൽകിയിട്ടുണ്ട്. |
| 2 | സുമംഗല | | 102270201264 | 44400 | |
| 3 | സുധ | | 102270201476 | 33600 | |
| 4 | ശാന്തകുമാരി | | 102270201763 | 61200 | |
| 5 | ഓമനയമ്മ | | 102270202310 | 31000 | |
| 6 | പത്മാവതി | | 102270202442 | 8800 | |
| 7 | ചിത്രലേഖ | | 102270600486 | 80700 | |
| 8 | വിജയമ്മ | | 102270600677 | 77100 | |
| 9 | ഓമനയമ്മ | | 102270600959 | 69400 | |
| 10 | സൌദാമിനി | | 102270600965 | 69400 | |
| 11 | ജെസ്സി എഡ്വേർഡ് | | 102270601133 | 64800 | |

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന മേൽ ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യക്തികൾ അനർഹമായി കൈപ്പറ്റിയ തുകയുടെ വിവരം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021-ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 12 തീയതി 22.11.21-ന് ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പിപിഒ നമ്പർ കൂടി ശേഖരിച്ച് ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2021 10.15 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1521/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടുണ്ട്. 18.07.2019, 23.09.2019, 15.10.2019 തീയതികളിൽ നടന്ന ഓഫീസ് മീറ്റിംഗുകളുടെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.

2)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004-ലെ കേരള പഞ്ചായത്ത്‌രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2019-ൽ പൌരാവകാശ രേഖ പുതുക്കിയെങ്കിലും പൊതുജനങ്ങൾക്ക് വിതരണം ചെയ്തില്ല.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാൻ കഴിഞ്ഞിട്ടില്ല.

എ)ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

സർട്ടിഫിക്കറ്റുകൾ മുതലായ സേവനങ്ങൾ പൊതുജന സൌകര്യാർത്ഥം അതാതു വാർഡ് മെമ്പർമാർ യഥാസമയം കൈപ്പറ്റി നല്കാറുണ്ടെന്നും ജോലിത്തിരക്ക് കാരണം ചില ദിവസങ്ങളിൽ വിതരണ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോകാറുണ്ടെന്നും ഇനി മുതൽ സമയപരിധി കഴിയുന്ന സേവനങ്ങൾ തപാൽ മാർഗം അയക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/24.11.2021ന്റെ മറുപടി).

ബി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണമെന്നുണ്ട്. എന്നാൽ മെസേജ് ബുക്ക് സൂക്ഷിക്കുന്നില്ല.

സി) സൌജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി) സൌജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

ഇ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5)ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം നിലവിൽ പ്രവർത്തനക്ഷമമല്ല.

6)മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പൂർണമായും ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും സമാനമായ പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മെഡിക്കൽ ഓഫീസറുടെ ഭാഗത്തുനിന്നുള്ള വീഴ്ച ഓഡിറ്റ് ഗുരുതരമായി കാണുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

7)മരണപ്പെട്ടവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തതും മരണപ്പെട്ടവരെ സേവന ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കാത്തതും കണ്ടെത്തിയിട്ടുണ്ട്.

8) വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

9) വിവിധ ലൈസൻസുകൾ, രജിസ്ട്രേഷനുകൾ എന്നിവയുടെ രജിസ്റ്ററുകൾ ആധികാരികമായി സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

10) രസീത് കൈകാര്യം ചെയ്യുന്നതിൽ അക്കൗണ്ടിംഗ് നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5773 | 1138881 | 1144654 | 790389 | 354265 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20220766 | 20220766 | 20220766 | 0 |
| ആകെ | 5773 | 21359647 | 365420 | 21011155 | 354265 |

## 1-8-1 തൊഴിലുറപ്പ് പദ്ധതി -കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിട്ടുണ്ട് . 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ, ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായനികുതി വകുപ്പിൽ അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.56/29.11.19).

| പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| അയിരൂർ യു പി എസ് ചാമനടി നടപ്പാത നിർമ്മാണം | 94/18-19 | ഷിജു | 209238 |
| ഇലകമൺ Mplps കോമ്പൌണ്ട് വാൾ നിർമ്മാണം | 26/19-20 | അനിൽ | 39625 |

ആദായനികുതി ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-8-2 കയർ ഭൂവസ്ത്രം വിരിക്കൽ-വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കുകൾ നല്കിയതായി കാണുന്നു . പ്രസ്തുത പ്രവൃത്തികളിൽ ക്രമ നമ്പർ 1-ൽ ചതുരശ്രമീറ്ററിന് 71.66/- രൂപ നിരക്കിൽ നല്കിയിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 2, 3 എന്നിവയിൽ 68.25/- രൂപ നിരക്കിലാണ് തുക അനുവദിച്ചുകാണുന്നത്. ഇപ്രകാരം വ്യത്യസ്ത നിരക്കുകൾ അനുവദിക്കാനിടയായതിന്റെ കാരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 61/30.11.21 ) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം വ്യത്യസ്ത നിരക്ക് നല്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
എം ബുക്ക് പ്രകാരമുള്ള വൗച്ചറുകളും നിരക്കും.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇൻവോയ്സ് നമ്പർ | ഉപയോഗിച്ച അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഹരിഹര പുരം ഏല റോഡ് | GI /2019-20 DT 15-10-19 | 1305M$^2$ | 71.66 | 93516 |
| 2 | വെട്ടിക്കൽ റോഡ് | GI /2019-20 DT 15-02-20 | 1200 M$^2$ | 68.25 | 81900 |
| 3 | വടക്കും കര മേകളത്തിൽ | GI /2019-20 DT 18-03-20 | 2200 M$^2$ | 68.25 | 150150 |

പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി മറുപടി നൽകേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 09.03.2021 വരെ | 09/2020 മുതൽ 12/2020 വരെ | ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2020 | 2014-15 മുതൽ 2018-19 വരെ | 17.03.2020 |

## 1-10 വസ്തു നികുതി അപാകങ്ങൾ

1)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 2,3,5,6 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 2/25 | രാജേന്ദ്രൻ പിള്ള | പാർപ്പിടം | 110 $M^2$ |
| 2 | 2/133 | സുഭാഷിണി | പാർപ്പിടം | 75 $M^2$ |
| 3 | 2/400 A | ശ്രീദേവി അമ്മ | പാർപ്പിടം | 87 $M^2$ |
| 4 | 2/532 | മുരളീധരൻ | പാർപ്പിടം | 103 $M^2$ |
| 5 | 3/319 | സുഗതൻ | പാർപ്പിടം | 64 $M^2$ |
| 6 | 3/493 | ബാബു | പാർപ്പിടം | 85.6 $M^2$ |
| 7 | 3/522 | ലളിത ഭായി | പാർപ്പിടം | 92.4 $M^2$ |
| 8 | 3/551 | സത്യൻ | പാർപ്പിടം | 92.92 $M^2$ |
| 9 | 3/572 | ശിവദാസൻ | പാർപ്പിടം | 80 $M^2$ |
| 10 | 3/612 | കുഞ്ഞുരാഘവൻ | പാർപ്പിടം | 112 $M^2$ |
| 11 | 5/16 | ശരത്ചന്ദ്രക്കുറുപ്പ് | പാർപ്പിടം | 139 $M^2$ |
| 12 | 5/92 D | പരമേശ്വര കുറുപ്പ് | പാർപ്പിടം | 85.4 $M^2$ |
| 13 | 6/99 | ഗോമതി സുഭദ്ര | പാർപ്പിടം | 70 $M^2$ |
| 14 | 6/521 | ജോസഫ് ഡാനിയൽ | പാർപ്പിടം | 119 $M^2$ |

B)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 4,6,8,9,11,12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 4/517 | ആനന്ദവല്ലി | പാർപ്പിടം | 56 $M^2$ | 905/- |
| 2 | 6/521 | ജോസഫ് ഡാനിയൽ | പാർപ്പിടം | 119 $M^2$ | 1540/- |
| 3 | 6/199 | ശശിധരൻ | പാർപ്പിടം | 50 $M^2$ | 805/- |
| 4 | 6/483 | അൽമുഹമിന | പാർപ്പിടം | 43 $M^2$ | 600/- |
| 5 | 11/309 | കാസിംകുഞ്ഞ് | പാർപ്പിടം | 64.5 $M^2$ | 242/- |
| 6 | 12/295 | ദേവകി | പാർപ്പിടം | 65.45 $M^2$ | 364/- |
| 7 | 8/305 | വനജാക്ഷി | പാർപ്പിടം | 59.5 $M^2$ | 1816/- |
| 8 | 9/113 | തങ്കമ്മ.ജി | പാർപ്പിടം | 78 $M^2$ | 865/- |

C)നികുതി ഉപ നികുതി ഒഴിവാക്കിയ കെട്ടിടത്തിൽ നിന്നും വസ്തു നികുതി പിരിവ്.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 15/342 A | ഷെരീഫ്.എസ് | 29 $M^2$ | 5408/- |
| 2 | 15/172 | നെഫിയ | 30 $M^2$ | 2070 /- |
| 3 | 5/470 A | സുനിത.എസ് | 10 $M^2$ | 1548/- |
| 4 | 5/218 B | രാജേഷ് കുമാർ | 10.89 $M^2$ | 399/- |
| 5 | 7/329 B | ഓമന | 20 $M^2$ | 453/- |

D)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 14,11 എന്നീ വാർഡുകളിലെ ആദ്യ 150 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് നമ്പർ 14 | | | വാർഡ് നമ്പർ 11 | | |
|---|---|---|---|---|---|
| Missing Door No. From | Missing Door To | Missing Total | Missing Door No. From | Missing Door To | Missing Total |
| 7 | 9 | 3 | 3 | - | 1 |

| | | | | | |
|---|---|---|---|---|---|
| 13 | - | 1 | 9 | - | 1 |
| 16 | 17 | 2 | 11 | - | 1 |
| 32 | - | 1 | 17 | - | 1 |
| 37 | - | 1 | 53 | 54 | 2 |
| 43 | - | 1 | 57 | - | 1 |
| 50 | - | 1 | 59 | - | 1 |
| 57 | - | 1 | 62 | - | 1 |
| 61 | - | 1 | 80 | - | 1 |
| 87 | 88 | 2 | 82 | - | 1 |
| 102 | - | 1 | 100 | - | 1 |
| 109 | - | 1 | 108 | - | 1 |
| 114 | - | 1 | 111 | - | 1 |
| 118 | - | 1 | 123 | - | 1 |
| 123 | - | 1 | 125 | - | 1 |
| 129 | - | 1 | 128 | - | 1 |
| 133 | - | 1 | 133 | - | 1 |
| 150 | - | 1 | 147 | - | 1 |
| Total | | 22 | Total | | 19 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16,17,19/22.11.2021,31/23.11.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൽ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത.

1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന ഓഫീസാവശ്യത്തിനുള്ള കെട്ടിടത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെയുള്ള ഇളവ് തുക |
|---|---|---|---|---|
| 12/304 A | എസ്.എൻ.ഡി.പി | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 20 $M^2$ | 3726/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 18/22.11.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത്'രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 3/323 B | ബ്രിജേഷ്.വി വൃന്ദാവനം,അയിരൂർ പി.ഒ, വർക്കല, | ഷോപ്പ് | 134 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 30 | 50 |
| അടിസ്ഥാന വസ്തു നികുതി രൂപ | 4020 | 6700 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | |
| (എ .) മേഖല (തുക) | 402 | 670 |
| (ബി. ) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. ) മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി. ) കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| (ഇ. ) ആകെ ഇളവ്(%) | ഇല്ല | ഇല്ല |
| (എഫ്. ) ആകെ ഇളവ്(തുക) | 402 | 670 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | ഇല്ല | ഇല്ല |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 3618.00 | 6030 |
| ലൈബ്രറി സെസ്സ് (തുക) | 181.00 | 302 |
| സർവ്വീസ് ചാർജ്ജ് (തുക) | 362.00 | 603 |
| ആകെ (തുക) | 4161.00 | 6935.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/07.10.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം മേൽ നടപടിക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര്, വിലാസം |
|---|---|---|
| 1 | 2/19 | ഗോപിനാഥൻപിള്ള., സ്മിതാ നിവാസ്, ഹരിഹരപുരം |

| | | |
|---|---|---|
| 2 | 13/86 | രാധാകൃഷണൻ (വൈഷ്ണവം,അയിരൂർ, |
| 3 | 8/161 | വിജയൻ (വിജയാ കോട്ടേജ്,പാളയംകുന്ന് |
| 4 | 10/313 | സത്യദേവൻ (ശ്രേയസ്,പാളയംകുന്ന് |
| 5 | 13/346 | തുളസി (രാഖി ഭവൻ,അയിരൂർ |
| 6 | 12/480 | സുധീർ.എസ്.കെ (എസ്.കെ .നിവാസ്,മേൽ വെട്ടൂർ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/23.11.2021 ന് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

5)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 2/703 A<br>2/703 B | ബേബി അമ്മ, വേക്കുളത്ത് പുത്തൻ വീട് |
| 2 | 3/591 B<br>3/591 C | സൈനബ ബീവി, ആമിന മൻസിൽ |
| 3 | 4/374 A<br>4/375 B | ജയൻ, കോടൻവിള പുത്തൻ വീട് |
| 4 | 8/91<br>8/91 | സിജി, ചരുവിള വീട് |
| 5 | 14/322<br>14/337 | സുബൈദ ബീവി, സബീന മൻസിൽ |
| 6 | 16/252<br>16/252 B | വസന്ത, ഗോപുരം |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ നാല്പ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 1 | 539 | B | മഞ്ചു (പാറവിള വീട്,ഹരിഹരപുരം പി.ഒ , വർക്കല) | 40.12 |
| 2 | 1 | 568 | D | സുശീല (ആലുവിളപ്പുറം,ഹരിഹരപുരം പി.ഒ, | 52.8 |
| 3 | 1 | 568 | E | സുമതി (ആലുവിളപ്പുറം വീട്,ഹരിഹരപുരം പി.ഒ, | 38.57 |
| 4 | 1 | 576 | A | സുശീല.പി (ആലുവിളപ്പുറം,ഹരിഹരപുരം) | 54 |
| 5 | 2 | 349 | A | മഞ്ചു. സുപ്രൻ (ദേവികൃപ.,കെടാകുളം, | 10 |
| 6 | 2 | 514 | C | 1.മണികണ്ഠൻ .എസ് 2. മഞ്ചു (എം.എം.വില്ല, | 9 |
| 7 | 2 | 703 | A | ബേബി അമ്മ (വേക്കളത്ത് പുത്തൻവീട്, | 38 |
| 8 | 3 | 687 | B | കൃഷ്ണമ്മ (കൊച്ചുവീട്,ഇലകമൺ, | 39 |
| 9 | 3 | 701 | B | രഞ്ജിനി.ആർ.ബി (ശാലു സദനം,ഇലകമൺ | 39 |
| 10 | 4 | 91 | A | സഫറുള്ള (ദാർ അൽ സുഫിൻ, കിഴക്കേപ്പുറം | 26.58 |
| 11 | 4 | 266 | A | സുലേഖ. ആർ (അഞ്ജന ഭവൻ,പുതുവൽ , | 9 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/22.11.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം./അപേക്ഷ തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | 1030/08.03.2019 | 4/43 B | രജനി | പാർപ്പിടം | 120 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1056 |
| 2 | Demolish_VnL_5022701 0013960/20.03.2019 | 7/283 | കൃഷ്ണൻചെട്ടിയാർ | വാണിജ്യ കെട്ടിടം | 15 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 3108 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | A7/1314/19/ 07.03.2019 | 1/402 | അംബുജാക്ഷി | വാണിജ്യ കെട്ടിടം | 10 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 174 |
| 4 | 1565/ 23.02.2019 | 1/565 C | വിദ്യ | പാർപ്പിടം | 65.5 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ | 726 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/22.11.2021 ന് ലഭിച്ച മറുപടിയിൽ വാർഡ് സ്റ്റാഫിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ നിലവിലില്ല എന്ന് ബോധ്യപ്പെട്ടതിനാൽ നികുതി ഒഴിവാക്കി എന്നാണ് അറിയിച്ചിട്ടുള്ളത്. 1998-ലെ കേരള പഞ്ചായത്ത്രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആയിരം രൂപയിൽ കവിയാത്ത തുക മാത്രമേ ഗ്രാമപഞ്ചായത്തിന് നേരിട്ട് എഴുതിത്തള്ളാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങണം. മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

7)ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലുള്ള ആനുപാതിക ദിവസങ്ങൾക്കാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ഫയൽ നം | അപേക്ഷതീയതി | കെട്ടിട നം | ഉപയോഗ ക്രമം | ഉടമ | നികുതി ഇളവ് കാലയളവ് |
|---|---|---|---|---|---|---|
| 1 | A6-1564/ 2020 | 24.03.2020 | 1/476,477 | വാണിജ്യകെട്ടിടം | രവീന്ദ്രൻ പിള്ള | 01.10.2019 മുതൽ 31.03.2020 വരെ |
| 2 | A6/1581/ 2020 | 25.03.2020 | 1/407 B | വാണിജ്യകെട്ടിടം | ബിന്ദു | 01.10.2019 മുതൽ 31.03.2020 വരെ |
| 3 | A7/1504/ 19 | 29.07.2019 | 6/650 A,B,C,D | വ്യാവസായിക കെട്ടിടം | സഫിയ ബീവി | 01.04.2019 മുതൽ 30.09.2019 വരെ |
| 4 | A7/1914/ 19 | 29.07.2019 | 4/608 | ഓഫീസ് കെട്ടിടം | മണികണ്ഠൻ പിള്ള | 01.04.2019 മുതൽ 30.09.2019 വരെ |
| 5 | A6/6060/ 19 | 07.11.2019 | 11/468,469 | വാണിജ്യകെട്ടിടം | സഫിയ ബീവി | 01.10.2019 മുതൽ 31.03.2020 വരെ |

| | | | | | | |
|---|---|---|---|---|---|---|
| 6 | A6/895/ 20. | 15.02.2020 | 11/648 A,B | വാണിജ്യകെട്ടിടം | പ്രജിത്ത് | 01.10.2019 മുതൽ 31.03.2020 വരെ |
| 7 | A6/5759/ 2019 | 21.10.2019 | 7/19 B,C,D,F | വാണിജ്യകെട്ടിടം/അസംബ്ലി, കൺവെൻഷൻ സെന്റർ | ഹാരിഫ് | 01.10.2019 മുതൽ 31.03.2020 വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/22.11.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് അനുവദിക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8)മേഖലാ നിർണയത്തിലെ അപാകങ്ങ ൾ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

B)ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 3,6,13 എന്നീ വാർഡുകൽ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 3/275 A,B,C | രാജേന്ദ്രൻ, ശ്രീരാജ്മന്ദിരം, | ആലിമൂട് ഊന്നിൻമൂട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | തൃതീയം |
| | 3/275 E,F,G,H | | ആലിമൂട് ഊന്നിൻമൂട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 3/323 D,E | ബ്രിജേഷ്.വി, വൃന്ദാവനം | ഊന്നിമൂട് വർക്കല റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 3/323 F,G,H | ധനുഷ്.ഡി, എൽ.ഡി.സദനം, | ഊന്നിമൂട് വർക്കല റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 3 | 6/498 A | അജേഷ്.പി, അടിനാദം | മൈലവിള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 6/498 B | അഭിലാഷ്, ദേവനന്ദനം | മൈലവിള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 4 | 13/344 C | സജീഷ്ആനന്ദ്, ആനന്ദഭവൻ | അയിരൂർ ഇടവറോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | തൃതീയം |
| | 13/344 D | സജീവ് ആനന്ദ്, സൌപർണ്ണിക | അയിരൂർ ഇടവറോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/22.11.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച്

കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9)റദ്ദാക്കിയ രസീതുകളിലെ തുകകൾ കളക്ഷനിൽ ഉൾപ്പെടുത്തി

താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 11 | 647 | E | സെക്രട്ടറിഅയിരൂർ വില്ലേജ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 903456 | 120020102274 | 16/01/2021 | 2020 | 6678 |
| 2 | 15 | 49 | F | 1.സൈഫർ 2.ഫാസിൽ(ഐശ്വര്യ, ഇലകമൺ | 901087 | 120020100685 | 13/07/2020 | 2020 | 836 |
| 3 | 12 | 409 | B | ലതിക (സയൂജ്യം, അയിരൂർ, അയിരൂർ- | 900302 | 120020100154 | 25/05/2020 | 2020 | 821 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 60/30.11.2021 ന് മറുപടി ലഭ്യമാക്കിയില്ല. ഐ.കെ.എം.ന്റെ സഹായത്തോടെ സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

10)രസീത് ബുക്ക് ഹാജരാക്കിയില്ല

വസ്തു നികുതി പിരിച്ചെടുക്കുന്നതിനായി അനുവദിച്ച നൽകിയ രസീത് ബുക്ക് നം.19648 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം.04/30.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത രസീത് ബുക്ക് വഴി പിരിച്ചെടുത്ത തുക എത്രയാണെന്നും ആ തുക പഞ്ചായത്ത് ഫണ്ടിൽ അടവു വന്നതിന്റെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

11)അനധികൃത കെട്ടിടങ്ങൾ - അപാകങ്ങൾ

1)ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി (U/A രജിസ്റ്റർ) നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 14/1 U/A | വിജി, തേവാനത്തുവീട്, തേവാനം | വാസഗൃഹം |
| 2 | 14/2 U/A | രാജി, വീണാ ഭവൻ, തേവാനം | വാസഗൃഹം |
| 3 | 14/4 U/A | ഷീല, ചരുവിള പുത്തൻ വീട് | വാസഗൃഹം |
| 4 | 16/1 U/A | പ്രേമ ലത, തിരുവോണം, തെറ്റിക്കുഴി | വാസഗൃഹം |
| 5 | 2/UA-1 | സൈനബ, ഷാഫി മൻസിൽ, കളത്തറ | വാസഗൃഹം |

2)കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചതും കെട്ടിട നികുതി നിർണയിക്കാത്തതുമായ 10 വാണിജ്യകെട്ടിടങ്ങൾ ഉൾപ്പെടെ 14 കെട്ടിടങ്ങളുടെ വിവരങ്ങൾ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (രജിസ്റ്റർ നം.I). എന്നാൽ പ്രസ്തുത കെട്ടിട നിർമ്മാണങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 58/30.11.2021 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ

തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 കെട്ടിട നമ്പർ നൽകലും നികുതി നിർണയവും- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ആദ്യ 60 ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)ഫയൽ നമ്പർ -A4 3623/19 തീ.08.07.2019

കെട്ടിട ഉടമ – എം.ജോയി

കെട്ടിട നമ്പർ - 2/630

ഉപയോഗക്രമം -B പാർപ്പിടം

അപാകത

1)2011 -ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫാറം നം 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 2/630 നമ്പർ കെട്ടിടത്തിന് 90.85 ച.മീ വിസ്തീർണമുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 61 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3)പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വഴിയുടെ വീതി 7 മീറ്ററാണ് (5 മീറ്ററിൽ കൂടുതൽ). എന്നാൽ 1.5 മീറ്ററിൽ കൂടുതൽ എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

B)ഫയൽ നമ്പർ -A4-6180/19 തീ.16.11.19

കെട്ടിട ഉടമ – ഗിരീഷ് കുമാർ

കെട്ടിട നമ്പർ/ഉപയോഗക്രമം - 4/264 B പാർപ്പിടം

അപാകത - ഫാറം നം 6 പ്രകാരം കെട്ടിടത്തിന്റെ മേഖല ദ്വിതീയം ആണ്. എന്നാൽ സഞ്ചയയിലെ മേഖല തൃതീയം എന്ന് രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്.

C)ഫയൽ നമ്പർ -A4 208/20

കെട്ടിട ഉടമ – ശ്രീ.വിജയൻ

കെട്ടിട നമ്പർ - 7/241 B

ഉപയോഗക്രമം -പാർപ്പിടം

അപാകതകൾ

1)2011 -ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫാറം നം 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് ചേർന്ന് 7/658 നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടം നിലവിലില്ല.

3)പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വഴിയുടെ വീതി 5.4 മീറ്ററാണ് (5 മീറ്ററിൽ കൂടുതൽ). എന്നാൽ 1.5 മീറ്ററിൽ കൂടുതൽ എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

D)ഫയൽ നമ്പർ -A4 7272/19

കെട്ടിട ഉടമ – ശ്രീ.അനീഷ്, ശ്രീമതി.ഷീജ

കെട്ടിട നമ്പർ - 7/139 A

ഉപയോഗക്രമം -പാർപ്പിടം

അപാകതകൾ - 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫാറം നം 2,6 എന്നിവ അപൂർണ്ണം. മേഖല വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 55/29.11.2021, 58/30.11.2021 ന് ലഭിച്ച മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

1)കരാറുകാരിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്ക ിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഈടാക്കേണ്ടുന്ന തൊഴിൽ നികുതി 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. കൂടാതെ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (ഡബ്ല്യൂ.പി.സി 16670/06).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/24.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും, 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്തിൽ ജോലി ചെയ്യുവെന്നും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടില്ലായെന്നും ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

2)റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FATEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/24.11.2021 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ലൈസൻസ് നൽകൽ - അപാകങ്ങൾ

I)ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമായി സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2019-20 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ക്രമ നമ്പർ 200 മുതൽ 226 വരെയുള്ള സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 9/538 | ഉണ്ണികൃഷ്ണൻ | ബേക്കറി |
| 2 | 12/76 | ഷെബീന | മെഡിക്കൽ സ്റ്റോർ |
| 3 | 13/600a | ഷിജി | പഴം പച്ചക്കറി |
| 4 | 13/113 | അഫ്സൽ | കോൺട്രാക്ടിംഗ് കമ്പനി ഓഫീസ് |
| 5 | 12/29 | ജിതിൻ | പ്രിന്റിംഗ് |
| 6 | 12/179 E,D | ജയചന്ദ്രൻ | മൈക്ക് സെറ്റ് |
| 7 | 13/666 B | സലിം | സ്റ്റേഷനറി |
| 8 | 9/543 | അൻവർ | മെഡിക്കൽ സ്റ്റോർ |
| 9 | 12/128 | ജാർവി | തയ്യൽക്കട |
| 10 | 12/89 | ശശികുമാർ | ഫ്ലവർ ഓയിൽ |
| 11 | 15/144B | രമേശൻ | പലചരക്ക് കട |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

ലഭ്യമാക്കിയ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട 1, 2, 5, 6 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 1 | സജീവ് | ടീ ഷോപ്പ് |
| 2 | 1 | പ്രിയങ്ക | ധാന്യങ്ങൾ കച്ചവടം |
| 3 | 1 | സത്യശീലൻ | പലചരക്ക് കട |
| 4 | 1 | ത്യാഗരാജൻ | ഫർണീച്ചർ |
| 5 | 2 | അനീഷ | ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിതരണം |

| | | | |
|---|---|---|---|
| 6 | 2 | ലിജിൻ | ശീതള പാനീയം |
| 7 | 5 | ബീജ | ബേക്കറി |
| 8 | 5 | സുനിൽ ദത്ത് | മാവ് വില്പന |
| 9 | 6 | നീതു | ബ്യൂട്ടിപാർലർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/23.11.2021ന്റെ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

II)വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത്രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1089 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/24.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റ്, വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത്രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ, ചട്ടം 3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)2018-19 വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ.പാർവതി | ക്യൂവർ & കെയർ ഹോമിയോ |
| 2 | ഡോ.ശ്രീകുമാർ | ശാരദ ക്ലിനിക് |
| 3 | ഡോ.അൻവർ അബു | അബൂസ് ഹോസ്പിറ്റൽ |

B)സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് 2019-20 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ/വിലാസം |
|---|---|---|
| 1 | 3/293/ | ഗോപാല പിള്ള/ചെമ്പകശേരി |
| 2 | 6/261/ | സെയ്ദ്, ഷൈൻ ബംഗ്ലാവ് |
| 3 | 11/717/ | ഡോ.പി.വി രവീന്ദ്രൻ, ദീപ്തി |
| 4 | 12/15/A,B,C,D,E | ജ്യോതിസ് നാസറുള്ള, സങ്കേതം |

| | | |
|---|---|---|
| 5 | 13/648/649 | ഡോ.ശ്രീകുമാർ,ശാരദ ഹോസ്പിറ്റൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/23.11.2021 ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് - തുടർ നടപടികൾ ഊർജ്ജിതമാക്കണം

1) 2004-05 മുതൽ 2017-18 വരെയുള്ള 8 ഓഡിറ്റ് റിപ്പോർട്ടുകളിലായി 83 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു.

2)ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം/ജി.പി.7/197/2020 തീയതി 08.05.2020 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന് ആദ്യ മറുപടി നല്കിയതിന്റെയും തുടർ നടപടികളുടെയും വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 36/24.11.2021 ) ആദ്യ മറുപടി യഥാസമയം ലഭ്യമാക്കിയെന്ന് അറിയിച്ചു. എന്നാൽ, പ്രസ്തുത മറുപടി പരിശോധിച്ചതിൽ, പരാമർശങ്ങൾ തീർപ്പാക്കുന്നതിനാവശ്യമായ രേഖകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ രേഖകളും വിശദീകരണങ്ങളും വാങ്ങി മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

3) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നിലവിലുണ്ടായിരുന്ന രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടുകിട്ടാത്ത അവസ്ഥയാണുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും പരാമർശങ്ങൾ തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എ-യിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

1) മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | പേര് | ക്വാറം | യോഗങ്ങൾ ചേർന്ന തീയതികൾ ( *പങ്കെടുത്തവരുടെ എണ്ണം) | | | |
|---|---|---|---|---|---|---|
| 1 | തോണിപ്പാറ | 112 | 03.02.2019 | 15.08.2019 | 26.12.2019<br>*80 | 02.02.2020 |
| 2 | ഹരിഹരപുരം | 137 | 03.02.2019 | 15.08.2019 | 26.12.2019<br>*86 | 09.02.2020 |
| 7 | വേങ്കോട് | 106 | 02.02.2019 | 15.08.2019 | 26.12.2019<br>*70 | 04.02.2020 |
| 8 | പാളയംകുന്ന് | 101 | 07.02.2019 | 15.08.2019 | 28.12.2019<br>*42 | 05.02.2020<br>*90 |
| 10 | കടവിൻകര | 113 | 05.02.2019 | 15.08.2019 | തീയതി രേഖപ്പെടുത്തിയിട്ടില്ല<br>*49 | 07.02.2020 |
| 14 | കായൽപ്പുറം | 105 | 08.02.2019 | 15.08.2019 | 28.12.2019<br>*40 | 07.02.2020 |
| 15 | വിളപ്പുറം | 127 | 09.02.2019 | 15.08.2019 | 28.12.2019<br>*35 | 08.02.2020 |
| 16 | കെടാകുളം | 157 | 10.02.2019 | 15.08.2019 | 28.12.2019<br>*42 | 09.02.2020 |

2/2019ൽ നടന്ന ഗ്രാമസഭകൾ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനും 12/2019ൽ നടന്ന ഗ്രാമസഭകൾ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻപ്ലാൻ എന്നിവ അംഗീകരിക്കുന്നതിനും വേണ്ടിയാണ് യോഗം ചേർന്നിട്ടുള്ളത്.

മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 14/22.11.2021).

2)ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തതായി കാണുന്നില്ല. അംഗങ്ങളെ ക്ഷണിച്ചികൊണ്ടുള്ള അറിയിപ്പ് യഥാസമയം നല്കാറുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്.

3) ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

ഗ്രാമസഭ സംഘാടനത്തിൽ നിയമം പാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/20.11.2021). പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഇല്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയില്ല.

വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി ചുവടെ ചേർക്കും പ്രകാരം യോഗം ചേർന്നിട്ടുണ്ട്.

16.08.2019

തെരുവ് വിളക്ക് - ആട്ടോമാറ്റിക് സി.എഫ്.എൽ മെയിന്റനൻസ് (സെക്രട്ടറി) പ്രോജക്ടിനായി സാമ്പിൾ പരിശോധിച്ച് പർച്ചേസ് ഓർഡർ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

14.10.2019

പഞ്ചായത്ത് ഹാളിന് ഫർണിച്ചർ വാങ്ങൽ (സെക്രട്ടറി), പി.വി.സി. വാട്ടർ ടാങ്ക് (അസി. സെക്രട്ടറി), വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (അസി. സെക്രട്ടറി) എന്നിവയുടെ സപ്ലൈ ഓർഡർ.

04.11.2019

പി.എച്ച്.സി റഫ്രിജറേറ്റർ വാങ്ങൽ (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി), ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി (സെക്രട്ടറി), തെരുവ് വിളക്ക് സ്പെയർ സാധനങ്ങൾ വാങ്ങൽ(സെക്രട്ടറി), പാണിൽ വിജ്ഞാനകേന്ദ്രത്തിന് ഫർണിച്ചർ, ടെലിവിഷൻ, സീലിംഗ് ഫാൻ വാങ്ങൽ (അസി. സെക്രട്ടറി) എന്നിവയുടെ സപ്ലൈ ഓർഡർ.

വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ, പി.എച്ച്.സിക്ക് ഫർണിച്ചർ വാങ്ങൽ, സാനിട്ടറി നാപ്കിൻ യൂണിറ്റ് എന്നിവയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

വരും വർഷങ്ങളിൽ വാങ്ങൽ പ്രക്രിയ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി നടത്തുന്നതാണെന്ന്

വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/ 22.11.2021ന്റെ മറുപടി).

വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ഉചിതമായ വാങ്ങൽ രീതി അവലംബിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 ആസ്തി സംരക്ഷണ നടപടികൾ ഊർജ്ജിതമാക്കണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.01.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

പരിശോധനക്കായി ലഭ്യമാക്കിയ വിവിധ ഫോമുകളിലുള്ളതും പഴക്കമുള്ളതുമായ ആസ്തി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. ഭൂരിഭാഗം ആസ്തികളുടെയും മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2019-20 വർഷം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 29/23.11.2021).

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/20.11.2021).

ആസ്തി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 തെരുവുനായ്ക്കളുടെ നിയന്ത്രണം-തുകയുടെ വിനിയോഗവിവരം ലഭ്യമല്ല - 2,24,700/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുനായ്ക്കളുടെ നിയന്ത്രണം |
| പദ്ധതിയുടെ നമ്പർ | 76/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 2,24,700/-<br>(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 2,24,700/- |
| ബിൽ നമ്പർ | 01/19-20/27.8.19 |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 2100/-രൂപ നിരക്കിൽ 107 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി 2,24,700/-രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. തുടർ വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്കാണ് പ്രോജക്ടിൽ തുക വകകൊള്ളിച്ചിട്ടുള്ളത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന്

സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ കൂടുതൽ വിവരങ്ങളും ലഭ്യമാക്കുന്നതിന് കുടുംബശ്രീ ജില്ലാ കോർഡിനേറ്റർക്ക് കത്ത് നൽകിയതായും വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 42/27.11.21ന്റെ മറുപടി). വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പദ്ധതിയുടെ കൂടുതൽ വിവരങ്ങളും അറിയിക്കേണ്ടതാണ്. ആയതിന് വിധേയമായി ചെലവ് തുക 2,24,700/- രൂപ തടസ്സപ്പെടുത്തുന്നു. എല്ലാവർഷവും തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2019-20ൽ തന്നെ 107 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിലെ തെരുവുനായ്ക്കളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന വിഷയം മോണിറ്ററിംഗിന് വിധേയമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 80/20 |
| അടങ്കൽ | 12,00,000/- |
| ചെലവ് | 3,00,000/- |
| ബിൽ നം/വൗച്ചർ നം | 03/19-20/19.10.19 |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം (ജനറൽ) പദ്ധതിക്കായി 2019-20 വർഷം 3,00,000/-രൂപ ചെലവാക്കിയിട്ടുണ്ട്.

2016-17 വർഷം മുതൽ 2019-20 വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2016-17 | 12,50,000/- | വിവരം ലഭ്യമല്ല | 50 |
| 2017-18 | 25,00,000/- | | 100 |
| 2018-19 | 12,50,000/- | | 50 |
| 2019-20 (ജനറൽ) | 12,00,000/- | 3,00,000/- | 48 |
| 2019-20 (എസ് സി പി) | 1,00,000/- | 25,000/- | 24 |

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/23.11.21 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രവും ചെലവായ തുകയുടെ വിവരവും ലഭ്യമാക്കുന്നതിന് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയതായും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതോടൊപ്പം പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി നൽകിയ തുകകളിൽ ചെലവാക്കാതെ ബാക്കി നിൽക്കുന്ന തുകയുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-22 പാഥേയം പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം-എസ് സി പി |

| | |
|---|---|
| പദ്ധതിയുടെ നമ്പർ | 17/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 8,64,000 (വികസനഫണ്ട്-345600<br>ജില്ലാപഞ്ചായത്ത് വിഹിതം-518400) |
| ചെലവ് | 3,45,560/- |
| ബിൽ നമ്പർ | 9//26.8.19 തുക 226240/-<br>14/4.12.19 തുക 119320/- |

അഗതികളും 60 വയസ്സിനു മുകളിലുള്ള ഒരു നേരത്തെ ആഹാരം പോലും ലഭിക്കാത്തതുമായ പട്ടികജാതിയിൽപ്പെട്ട 60 വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം ലഭ്യമാക്കുന്ന പദ്ധതി. പദ്ധതിയുടെ 60% തുക ജില്ലാപഞ്ചായത്തും 40% തുക ഗ്രാമപഞ്ചായത്തും ലഭ്യമാക്കുന്നു. ജില്ലാപഞ്ചായത്ത് വിഹിതമായി 5,18,400/-രൂപയും പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും 3,45,600/- രൂപയും പദ്ധതിക്കായി വകയിരുത്തിയിരുന്നു.

2019-20 വർഷത്തെ പാഥേയം പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് ഭരണസമിതി 24.08.2019ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ലിസ്റ്റ് യഥാസമയം ജില്ലാ പഞ്ചായത്തിന് നൽകാത്തതിനാൽ ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിഹിതം പഞ്ചായത്തിന് ലഭിച്ചില്ല. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 4.6.20-ലെ നം പി6/1736/19/റ്റി ഡി പി കത്ത് പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിൽ നിന്നും സമയബന്ധിതമായി ഗുണഭോക്തൃ പട്ടിക ലഭ്യമാക്കാത്തതിനാൽ തുക അനുവദിക്കുകയില്ല എന്നറിയിച്ചിട്ടുണ്ട്.

ഒരു ഊണിന് 40/- രൂപാ നിരക്കിൽ സംതൃപ്തി കാറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനം 2019 നവംബർ വരെ ഭക്ഷണം വിതരണം ചെയ്തിരുന്നു. 2019 ജൂലൈ 31 വരെയുള്ള തുകയായ 3,45,560/-രൂപ സംതൃപ്തി കാറ്ററിംഗ് യൂണിറ്റിന് നൽകിയിട്ടുണ്ട്. ബാക്കി തുക നൽകാത്തതിനാൽ ഡിസംബർ മാസം മുതൽ സംതൃപ്തി കാറ്ററിംഗ് യൂണിറ്റ് ഭക്ഷണ വിതരണം നിർത്തുകയും പകരം മറ്റൊരു കാറ്ററിംഗ് യൂണിറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുക നൽകാത്തതിനാൽ ആ യൂണിറ്റും ഭക്ഷണവിതരണം 2020 ഏപ്രിൽ മാസത്തിൽ അവസാനിപ്പിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25 തീയതി 23.11.21-ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ പട്ടിക ജില്ലാപഞ്ചായത്തിലേക്ക് മെയിൽ ചെയ്തിരുന്നതായും എന്നാൽ ജില്ലാപഞ്ചായത്തിൽ പ്രസ്തുത മെയിൽ കിട്ടിയില്ലായെന്ന വിവരം അറിയുവാൻ താമസിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതം ലഭിച്ചിട്ടില്ലായെങ്കിലും പഞ്ചായത്ത് കൃത്യമായി ഭക്ഷണവിതരണം നടത്തിയിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിക്കുന്നതിൽ വന്ന അനാസ്ഥയാണ് ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിഹിതം ലഭിക്കാതിരുന്നതിന് കാരണം. ഭക്ഷണവിതരണം നടത്തിയതിന്റെ കുടിശ്ശിക തീർക്കുന്നതിനായി 2020-21 വർഷം 3,53,400/-രൂപ അടങ്കലായി പുതിയ പ്രോജക്ട് രൂപീകരിക്കുകയും (195/21) വികസനഫണ്ടിൽ നിന്നും തുക നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ കാര്യക്ഷമമാക്കി കൃത്യമായ നടപടികളിലൂടെ പഞ്ചായത്തിന് ലഭ്യമാകേണ്ട തുകകൾ നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമാക്കിയില്ല-2,40,000/-രൂപ തടസ്സപ്പെടുത്തുന്നു

വൌച്ചർ നമ്പർ-21900104/13.5.19

ചെക്ക് നമ്പർ- 254983/13.05.19

തുക-2,40,000/-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2/5/2019 ലെ 100/DC1/2019/ ത സ്വ ഭ വ നം.സർക്കുലർ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിലെ വാർഡുകൾക്ക്, വാർഡൊന്നിന് ശുചിത്വമിഷൻ വകയായി 10000/- രൂപയും തനത് ഫണ്ടിൽനിന്നും 5000/- വീതം ആകെ 15000/- രൂപ നൽകേണ്ടതാണ്. 2019-20 വർഷം മഴക്കാല പൂർവ്വ ശുചീകരണം പദ്ധതിക്കായി 16 വാർഡുകൾക്കായി 2,40,000/- രൂപ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

പ്രവൃത്തികളുടെ ചെലവ് രേഖകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മഴക്കാലപൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് 23-04-2015 ലെ സർക്കുലർ നം 178649/ഡി.സി/2015, ത.സ്വ.ഭ.വ, 22-01-2018ലെ 17/ഡി സി/1/18/ത.സ്വ.ഭ.വ സർക്കുലറുകൾ പ്രകാരം വാർഡ്തല ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കണം, ശുചിത്വ സ്ക്വാഡ് രൂപീകരിക്കണം, വാർഡ്തല ശുചിത്വ മാപ്പിംഗ്, പഞ്ചായത്ത്തല കർമ്മ പരിപാടി, ഡ്രൈ ഡേ സന്ദേശം നൽകണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 13 തീയതി 22.11.21

നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, ഫയൽ സൂക്ഷിപ്പ് എന്നിവയിലെ അപാകങ്ങൾ

1)പ്രവൃത്തി ഫയലുകളിൽ കരാറുകാരുടെ ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - പുത്തൻവിള ഉണ്ടിൽ റോഡ് ഇമ്പ്രൂവ്മെന്റ്, ഇലകമൺ പി.എച്ച്.സി സബ്സെന്റർ ഷീറ്റ് ഇടലും പെയിന്റിംഗും

2)മിക്ക ഇ-ടെന്റർ പ്രവൃത്തികളുടെയും ഫയലുകളിൽ BOQ, Comparative BOQ Statement എന്നിവ സൂക്ഷിച്ചിട്ടില്ല.

3) പ്രവൃത്തി ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, സാങ്കേതികാനുമതി പത്രം, സ്ഥലം കൈമാറിയതിന്റെ അക്നോളജ്മെന്റ് ഫോം എന്നിവ സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - ഇലകമൺ എം.പി.എൽ.പി.എസ്. അറ്റകുറ്റപ്പണി

4)Wet Mix Macadam ഇനം ചെയ്ത പ്രവൃത്തി ഫയലുകളിൽ ലെവൽ ഫീൽഡ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - കടവുകര മുരിക്കോലിൽ റോഡ് ടാറിംഗ്, പുത്തൻവിള ഉണ്ടിൽ റോഡ് ഇമ്പ്രൂവ്മെന്റ്

5)പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പരിശോധനക്കു വിധേയമാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

6) ഫയൽ കുറിപ്പുകളുടെ അഭാവത്തിൽ ടെന്റർ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാകുന്നില്ല.

ഉദാഹരണം - തേവാനം റോഡ് മെയിന്റനൻസ്

7)കണിയാംകുന്ന് കരവാരം ഏറത്തുവാതുക്കൽ റോഡ് മെയിന്റനൻസ് (173/20) എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 750000/- രൂപയാണ്. ഷിബു.ആർ എന്ന കരാറുകാരന്റെ മാന്വൽ ടെന്റർ മാത്രമാണുള്ളത്. സെലക്ഷൻ നോട്ടീസ് തിരുത്തി ത്രിദീപ് എന്ന കാരറുകാരന്റെ പേരിൽ നല്കിയത് ക്യാൻസൽ ചെയ്തിരിക്കുന്നു. കരാർ ചമച്ചിരിക്കുന്നത് ത്രിദീപ് എന്ന കരാറുകാരനുമായാണ്.

800000/- രൂപ അടങ്കൽ വകയിരുത്തിയ തേവാനം റോഡ് മെയിന്റനൻസ് (175/20) എന്ന പ്രവൃത്തിയും സമാനമായ രീതിയിലാണ്.

രണ്ട് ടെന്റർ നടപടികൾ പൂർത്തീകരിച്ചശേഷവും ടെന്ററുകൾ ലഭ്യമല്ലാത്തതിനാൽ ക്വൊട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീകുമാർ എന്ന കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിച്ചെങ്കിലും സുഖമില്ലാത്തതിനാൽ കരാർ ചമയ്ക്കാൻ സാധിക്കില്ലായെന്ന് അറിയിച്ചതിനെ തുടർന്ന് റീ ക്വട്ടേഷൻ മുഖേന ത്രിദീപ് എന്ന കരാറുകാരന് പ്രവൃത്തി നല്കുകയാണുണ്ടായതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 54/29.11.2021).

ഇത്രയും നടപടിക്രമങ്ങൾ നടന്നിട്ടും യാതൊരു വിവരവും ഫയലിൽ സൂക്ഷിക്കാതിരുന്നത് അംഗീകരിക്കാവുന്നതല്ല.

ആവശ്യമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയും കുറിപ്പുകൾ രേഖപ്പെടുത്തിയും പ്രവൃത്തി നിർവ്വഹണത്തിലെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപായി, സ്ഥല സന്ദർശനം നടത്തേണ്ടതും പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതുമാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4-ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10%-വും പാലം പണികൾക്ക് 20%-വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4-ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ

റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

I)പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

Ii)സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iii) ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iv)മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

V) മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

Vi)വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

Vii) നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

പൊതുമരാമത്ത് ബില്ലുകളിൽ ഓവർഹെഡ് ചാർജ് പ്രത്യേകമായി അനുവദിക്കുന്നില്ലായെന്നും ആവശ്യമായ പ്രവൃത്തികളിൽ പ്ലാന്റുകൾ സ്ഥാപിക്കുകയും ജലവിതരണം നടത്തുകയും ചെയ്യാറുണ്ടെന്നാണ് വിശദീകരണം( ഓഡിറ്റ് എൻക്വയറി നമ്പർ 53/29.11.2021ന്റെ മറുപടി).

ഒരു റോഡിന്റെ പൂർണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതെയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇപ്രകാരമുള്ള അധികചെലവുകൾ പരിമിതപ്പെടുത്തുന്നതിനായി മേൽവിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. - രേഖകൾ പൂർണമായി ലഭ്യമാക്കിയില്ല – 477210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പൂർണമായും ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഡയാലിസിസ് രോഗികളുടെ പരിചരണം |
| പ്രോജക്ട് നമ്പർ | SO132/20 |
| അടങ്കൽ | 200000 (തനത് ഫണ്ട്) |
| ചെലവ് | 200000 |

ഡയാലിസിസ് രോഗികൾക്ക് കിറ്റുകൾ വിതരണം ചെയ്യാനായി വിഭാവനം ചെയ്ത പ്രോജക്ട്. ഇൻഹൌസ് ഡ്രഗ് ബാങ്കിൽ നിന്നും 200000/-രൂപയുടെ Blood Tubing Set For Dialysis, Dialyzer മുതലായവ 3 ഇൻവോയ്സുകൾ മുഖേന ലഭ്യമാക്കി.

എ) തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ബി)സാധനങ്ങൾ DDMS സോഫ്റ്റ്‌വെയർ മുഖേന സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

വിശദാംശങ്ങളുടെ അഭാവത്തിൽ 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി (എസ്.സി.പി.) |
| പ്രോജക്ട് നമ്പർ | SO064/20 |
| അടങ്കൽ | 50000<br>(വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 50000 |
| ബിൽ നമ്പർ | 23/18.02.2020 |

എ) പ്രോജക്ട് പ്രൊഫോമ ലഭ്യമല്ലാത്തതിനാൽ, ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല.

ബി)BP Apparatus (2), Cardiac Monitor(1), Glucometer Contour (1) എന്നിവയ്ക്കായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് 50000/-രൂപ കൈമാറിയ Invoice For Payment ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇൻഹൌസ് ഡ്രഗ് ബാങ്കിന്റെ ഇൻവോയ്സ് (നമ്പർC6746/2020-21 തീയതി 18.08.2020) പ്രകാരം 42375/-രൂപയുടെ Cardiac Monitor ഒരെണ്ണം സ്റ്റോക്ക് രജിസ്റ്റർ പേജ് 35-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത Cardiac Monitor 2019-20 വർഷത്തെ പ്രോജക്ട് മുഖേന വാങ്ങിയതാണോയെന്ന് വ്യക്തമല്ല.

സി) 50000/-രൂപയ്ക്ക് ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോമിത്രം (ജനറൽ) |
| പ്രോജക്ട് നമ്പർ | SO058/20 |
| അടങ്കൽ | 504985<br>(വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 481760 |

എ) പ്രോജക്ട് പ്രൊഫോമ ലഭ്യമല്ലാത്തതിനാൽ, ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല.

ബി) ബിൽ നമ്പർ 08/12.10.2019, 41/31.03.2020 എന്നിവ പ്രകാരം 260000+ 35000= 295000/-രൂപയ്ക്ക് ഇൻഹൌസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ജനറൽ ഒ.പിയിലല്ലാതെ പ്രത്യേകമായി മരുന്നുകൾ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

സി)ബിൽ നമ്പർ 13, 21, 28, 31, 37 എന്നിവ പ്രകാരം 20000/-രൂപ ക്രമത്തിൽ ആദർശ്.എസ്.ലാൽ, ഫിസിയോതെറാപ്പിസ്റ്റിന് നവംബർ 2019 മുതൽ മാർച്ച് 2020 വരെയുള്ള ശമ്പളമായി 100000/-രൂപ നല്കിയിട്ടുണ്ട്.

ബിൽ നമ്പർ 19, 27, 32, 38 എന്നിവ പ്രകാരം അമൃത.ആർ, സൈക്കോളജിസ്റ്റിന് ഡിസംബർ മുതൽ മാർച്ച് വരെയുള്ള ശമ്പളമായി 29600/-രൂപ നല്കിയിട്ടുണ്ട്.

ബിൽ നമ്പർ 20, 26, 33, 36 എന്നിവ പ്രകാരം മിത്ര.എസ്, ഡയറ്റീഷ്യന് ഡിസംബർ മുതൽ മാർച്ച് വരെയുള്ള ശമ്പളമായി 28000/-രൂപ നല്കിയിട്ടുണ്ട്.

ഇവരുടെ നിയമനം, ശമ്പള നിരക്ക് എന്നിവ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നതിന്റെ വിശദാംശങ്ങളും നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയില്ല.

ഡി) പ്രസ്തുത പ്രോജക്ടിനായി 481760/-രൂപ ചെലവഴിച്ചു. എന്നാൽ, 454600/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബാക്കിയുള്ള രേഖകൾ ലഭ്യമാക്കാത്ത 27160/-രൂപയുടെ ചെലവ് വിവിധ മെഡിക്കൽ ക്യാമ്പുകൾ നടത്തിയതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | മെഡിക്കൽ ക്യാമ്പ് |
|---|---|---|

| | | |
|---|---|---|
| 16/18.01.2020 | 3000 | ഓർത്തോ |
| 17/18.02.2020 | 5000 | കാർഡിയോളജി |
| 18/18.02.2020 | 5000 | കാർഡിയോളജി |
| 29/05.03.2020 | 3000 | ജനറൽ |
| 40/30.03.2020 | 11160 | ജനറൽ |
| ആകെ | 27160 | |

ചെലവ് രേഖകളുടെയും വിശദാംശങ്ങളുടെയും അഭാവത്തിൽ, ഫിസിയോ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, ഡയറ്റീഷ്യൻ എന്നിവർക്ക് ശമ്പളമിനത്തിൽ നല്കിയ 157600/- രൂപയും മെഡിക്കൽ ക്യാമ്പുകൾക്കായി ചെലവഴിച്ച 27160/-രൂപയും ചേർത്ത് ആകെ 184760/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയ്ക്ക് ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നമ്പർ | SO1858/20 |
| അടങ്കൽ | 100000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 41250 |
| ബിൽ നമ്പർ | 15/18.02.2020 തുക 35350<br>35/30.03.2020 തുക 5900 |

ഓഫീസ് ആവശ്യത്തിന് മേശ, കസേര എന്നിവയും കോൺഫറൻസ് ഹാളിനായി 100 പ്ലാസ്റ്റിക് കസേരകൾ വാങ്ങുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ, എൽസ ഏജൻസീസ് & ഡിസ്ട്രിബ്യൂട്ടേഴ്സിന് മോഡ്യുലാർ ഫാർമസി റാക്ക് ഇൻസ്റ്റാൾ ചെയ്തതിന് 35350/-രൂപയും രണ്ട് റിവോൾവിംഗ് ചെയർ സപ്ലൈ ചെയ്തതിന് ഐ.എസ് ഏജൻസിയ്ക്ക് 5900/-രൂപയും നല്കി.

എ) പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയില്ല.

ബി) ടെന്റർ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

വിശദീകരണത്തിന്റെയും വിശദാംശങ്ങളുടെയും അഭാവത്തിൽ 41250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | പാലിയേറ്റീവ് പരിചരണം |
| പ്രോജക്ട് നമ്പർ | | SO054/20 |
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 600000 | 584965 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | 200000 |
| ആകെ | 800000 | 784965 |

പ്രസ്തുത പ്രോജക്ടിനായി ബിൽ നമ്പർ 07/23.09.2019 പ്രകാരം 1200/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 1200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 43/25.11.2021, 47/26.11.2021) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ആകെ 477210/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-27 മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

ഹോമിയോ, ആയുർവേദ ഡിസ്പൻസറികളിൽ മരുന്ന് വാങ്ങുന്നതിനായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയതിനു ശേഷം മരുന്ന് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | SO034/20 |
| അടങ്കൽ | 200000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 200000 |
| ബിൽ നമ്പർ | 01/06.08.2019 തുക 200000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങാനായി 200000/- രൂപ 06.08.2019-ൽ കൈമാറിയിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞാണ് മരുന്നുകൾ പൂർണമായും ലഭ്യമായത്. ഹോംകോയുമായി കരാറിലേർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| എൽ.എഫ്. 1901/18.01.2020 | 135580 |
| എൽ.എഫ്. 1490/27.10.2020 | 64420 |
| ആകെ | 200000 |

കരാറിൽ ഏർപ്പെടുന്നതിന് ഹോംകോയുമായി ബന്ധപ്പെട്ടിരുന്നെങ്കിലും അതിന് തയ്യാറായിരുന്നില്ലായെന്ന് മെഡിക്കൽ ഓഫീസർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/20.11.2021ന്റെ മറുപടി).

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | | SO035/20 |
| | അടങ്കൽ | ചെലവ് |
| മെയിന്റനൻസ് ഫണ്ട് | 300000 | 300000 |

| | | |
|---|---|---|
| തനത് ഫണ്ട് | 100000 | 0 |
| ആകെ | 400000 | 300000 |
| ബിൽ നമ്പർ | | 01/20.08.2019 തുക 300000 |
| നിർവ്വഹണം | | മെഡിക്കൽ ഓഫീസർ -ആയുർവ്വേദം |

ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങാനായി 300000/-രൂപ 20.08.2019ൽ കൈമാറിയിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞാണ് മരുന്നുകൾ പൂർണമായും ലഭ്യമായത്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 90129844/31.08.2019 | 122533 |
| 90132845/30.09.2019 | 85869 |
| 90136822/30.010.2019 | 60795 |
| 90147192/10.01.2020 | 8127 |
| 90141035/29.11.2020 | 22676 |
| ആകെ | 300000 |

അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത കാരണമാണ് മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടായതെന്നാണ് ഔഷധിയിൽ നിന്ന് അറിയിച്ചിട്ടുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 41/25.11.2021). ഔഷധിയുമായി കരാറിലേർപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

വകുപ്പ് തലത്തിൽ മരുന്നുകൾ ലഭ്യമാകാത്തതിനാലാണ് ഇപ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് വകയിരുത്തി മരുന്നുകൾ വാങ്ങുന്നത്. പ്രസ്തുത സാഹചര്യത്തിലും പൊതുജനത്തിന് യഥാസമയം മരുന്നുകൾ ലഭ്യമാക്കാൻ കഴിയാത്തത് അംഗീകരിക്കാൻ കഴിയുന്നതല്ല. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല -737480/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .

| പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ബിൽ നമ്പർ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 150 /20 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | ബിൽ നം 4/20-6-19 | 650000 | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 1/20 | ഐ കെ എം വിഹിതം നൽകൽ | ഐ കെ എം വിഹിതം | ബിൽ നം 9/1-8-19 | 87480 | വിനിയോഗ സാക്ഷ്യപത്രം |
| ആകെ തുക | | | | 737480 | |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെക്കും ചെലവ് തുക 737480/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.45/25.11.21).

## 1-29 അക്കൌണ്ട് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 41/20 |
| പ്രോജക്റ്റിന്റെ പേര് | സ്നേഹസ്പർശം (മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്) |
| അടങ്കൽ | 1453500 |
| ചെലവ് | 1453500 |
| ഫണ്ടിനം | വികസന ഫണ്ട് , ബ്ലോക്ക് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ഓഡിറ്റ് എൻക്വയറി നം. | 52/29.11.21 |

പദ്ധതി പ്രകാരം തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പാസ്ബുക്ക് പ്രകാരമുള്ള അക്കൌണ്ടും തുക ട്രാൻസ്ഫർ ചെയ്ത അക്കൌണ്ടും വ്യത്യാസം കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈമാറിയ വിഹിതം | രേഖകൾ പ്രകാരമുള്ള ബാങ്ക് അക്കൌണ്ട് | തുക കൈമാറിയ അക്കൌണ്ട് | റിമാർക്സ് |
|---|---|---|---|---|
| ശ്രുതി എസ് | 28500 | 32859947876 | 033901000663154 | |
| ആദിത്യൻ സുനിൽ | 28500 | 0158-03806576-190501 | 01580380576190501 | |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും ലഭിച്ചതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-30 വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി തുക ചെലവഴിച്ചു- ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61 /20 |
| പ്രോജക്റ്റിന്റെ പേര് | സാനിറ്ററി നാപ്കിൻ യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 250000 |
| ചെലവ് | 249999 |
| ഫണ്ടിനം | വികസന ഫണ്ട് |

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഓഡിറ്റ് എൻക്വയറി നമ്പർ | 52/29.11.21 |

ഇലകമൺ ഗ്രാമപഞ്ചായത്തിലെ 4 യു.പി സ്കൂളുകൾക്കും 1 ഹയർസെക്കന്ററി സ്കൂളിലും പഠിക്കുന്ന എല്ലാ വിദ്യാർഥികൾക്കും സാനിറ്ററി പാഡ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 111 യൂണിറ്റ് സാനിറ്ററി പാഡ് (37260) അലമാര – 5 എണ്ണം (86900) ഇൻസിനറേറ്റർ - 5എണ്ണം (125840) എന്നിവ വാങ്ങുന്നതിനായാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 5350 ഷീ പാഡുകളും രണ്ട് അലമാരകളും 5 ഇൻസിനറേറ്ററുകളും ആണ് വാങ്ങി കാണുന്നത്. വാങ്ങിയ രണ്ട് അലമാരകളും ഗവ. എച്ച്.എസ്.എസ്, പാളയംകുന്നിന് മാത്രം നൽകുകയും ചെയ്തു . പദ്ധതി പ്രകാരം വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി മറ്റ് സ്കൂളുകൾക്ക് അലമാര വിതരണം ചെയ്യാതിരുന്നത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുട്ടികൾ കൂടുതലായതിനാലാണ് അപ്രകാരം നല്കിയതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. പദ്ധതി രൂപീകരിക്കുന്നത് ആവശ്യകത കൂടി മുൻനിർത്തിയാണെന്നിരിക്കെ പദ്ധതിയിൽ നിന്നും വിഭിന്നമായി നല്കിയത് ഉചിതമല്ല.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തി - ഹെഡ് മാറി ബുക്ക് ചെയ്തു- അധികം നല്കിയ 14351/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 140 /20 |
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടികൾക്ക് ടാങ്ക് ധാന്യ സംഭരണി, പൈപ്പ് കണക്ഷൻ നൽകൽ |
| അടങ്കൽ | 70618 |
| ചെലവ് | 79618 |
| ഫണ്ടിനം | റോഡിതരം, തനതു ഫണ്ട് |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഓഡിറ്റ് എൻക്വയറി | 52/29.11.21 |

പദ്ധതി പ്രകാരം അങ്കണവാടികളിൽ പൈപ്പ് കണക്ഷൻ എടുക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച DB1-528 /19-20 /WSDN ATL DT 31-8-21 വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവ് 65267/- രൂപയായതായി അറിയിച്ചിട്ടുണ്ട്. ബാലൻസ് തുക 14351/- രൂപ തിരികെ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് തുക ലഭ്യമായിട്ടില്ലെന്നും ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഹെഡ്ഡായ 46050021 എന്ന ഹെഡ്ഡിനു പകരം 410710103 എന്ന ഹെഡ്ഡിൽ (Movable Assets ) തെറ്റായി ചെലവ് ബുക്ക് ചെയ്തതിനാൽ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. അധികം അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെക്കും ചെലവു തുക 14351/-രൂപ തടസ്സപ്പെടുത്തുന്നു .

## 1-32 തെരുവ് വിളക്കു വാങ്ങി സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 12/20 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ | 1510000 |
| ചെലവ് | 999999 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 14/25-9-19- 999999 |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 45/25.11.21 |

പഞ്ചായത്തിലെ 16 വാർഡുകളിലെയും തെരുവ് വിളക്കില്ലാത്ത വൈദ്യുതി പോസ്റ്റുകളിൽ ഗുണമേന്മയുള്ള 24 വാട്ടിന്റെ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കുന്നതിനായി 1000000/-രൂപ അടങ്കലായി പദ്ധതി രൂപീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും 400 എണ്ണം എൽ ഇ ഡി ബൾബുകൾക്കായി യൂണിറ്റ് ഒന്നിന് ഇൻസ്റ്റലേഷൻ ഉൾപ്പെടെ 2500/- രൂപ വച്ച് സപ്ലൈ ഓർഡർ നൽകുകയും പദ്ധതിയുടെ അടങ്കൽ 1510000/- ആയി റിവൈസ് ചെയ്യുകയും മേൽ ബിൽ പ്രകാരം 999999/- രൂപ കൈമാറുകയും ചെയ്തു . 16-8-19 ന് ചമച്ച കരാർ പ്രകാരം ഇൻസ്റ്റലേഷനും ഉൾപ്പെടെയുള്ള പ്രവൃത്തി നടത്താമെന്നാണ് സമ്മതിച്ചിട്ടുള്ളത് . പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു .

എ)400 ലൈറ്റുകളുടെയും ഇൻസ്റ്റലേഷൻ റിപ്പോർട്ട്( യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നുള്ളത് ) ഫയലില്ല.

ബി) കരാർ പ്രകാരം ഓട്ടോമാറ്റിക് ലൈറ്റ് സ്ഥാപിക്കുന്നതായാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയിരിക്കുന്ന ഇൻവോയ്സിൽ ഓട്ടോമാറ്റിക് ലൈറ്റ് ആണെന്ന് രേഖപ്പെടുത്തലില്ല. സ്ഥാപനത്തിൽ നിന്നും ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള നിരക്ക് രേഖപ്പെടുത്തിയ പ്രഫോർമ ലഭ്യമായതിന്റെ അടിസ്ഥാനത്തിലല്ല തുക കൈമാറിയത് . ആയതിനാൽ തന്നെ സപ്ലൈ ചെയ്ത ലൈറ്റുകൾ ഓട്ടോമാറ്റിക് ആണെന്നുള്ളതിൽ വ്യക്തതയില്ല . കാരണം 12-12-19 ലെ Mktg 1743 നം കത്ത് പ്രകാരം ഓട്ടോമാറ്റികിന് 2708/-രൂപയും മാനുവലിന് 2430/-രൂപയുമാണ് ഇൻസ്റ്റലേഷനടക്കമുള്ള ചാർജ്ജ് എന്ന് സ്ഥാപനം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് അടവാക്കിയത് 2500/-രൂപ വച്ചാണ്. ഇതിൽ നിന്നും 2500/-രൂപക്ക് ഓട്ടോമാറ്റിക് ലൈറ്റുകൾ ലഭ്യമായിട്ടില്ല എന്ന് വ്യക്തമാണ് . ഏജൻസിയുടെ ഇൻവോയിസിലും ഏതിനമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായത് മാനുവൽ ലൈറ്റാണെങ്കിൽ ഒന്നിന് 2430/-രൂപയാണ് . അപ്രകാരം കണക്കാക്കുമ്പോൾ ഒരെണ്ണത്തിന് 70 രൂപ അധികം വച്ച് 400 എണ്ണത്തിന് 28000/-രൂപ അധികം അനുവദിച്ചതായി കണക്കാക്കാം. ആയതിനാൽ പഞ്ചായത്ത് മേൽ ബിൽ പ്രകാരം അനുവദിച്ച തുകക്ക് ഓട്ടോമാറ്റിക് ലൈറ്റുകൾ തന്നെയാണ് സപ്ലൈ ചെയ്തതെന്ന് ഉറപ്പാക്കുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് .

## 1-33 ഗാർഹിക കുടിവെള്ള കണക്ഷൻ- കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല- ചെലവു തുക 30000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 167/20 |
| പ്രോജക്റ്റിന്റെ പേര് | ഗാർഹിക കുടിവെള്ള കണക്ഷൻ |
| അടങ്കൽ | 65000 |
| ചെലവ് | 65000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 2 |
| ഓഡിറ്റ് എൻക്വയറി | 52/29.11.21 |

പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി താഴെ പറയുന്ന വ്യക്തികൾക്ക് 5000/-രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വ്യക്തികളുടെ പേരിൽ കണക്ഷൻ ലഭിച്ചു എന്നത് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

A. അംറ ബീവി

B .ബിന്ദു എസ്

C.ബിന്ദു സൈമൺ

D.ഹംസത്ത്

E.ബേബി ബാബു

F.ജയ

മേൽ പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കും വരെക്കും ചെലവു തുക 30000/- രൂപ തടസ്സത്തിൽ വക്കുന്നു .

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ഇല്ല

-

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 54720 | കിണർ റീചാർജ്ജിംഗ് | 54720 | 0 |
| | | 0 | 765000 | കേദാരം | 765000 | 0 |
| | | 0 | 50000 | ജൈവ സമൃദ്ധി | 50000 | 0 |
| | | 0 | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | | 0 | 433824 | ലൈഫ് ജനറൽ | 34346 | 399478 |
| | | 0 | 1068570 | ലൈഫ് എസ്.സി.പി | 0 | 1068570 |
| | | 0 | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | | 0 | 50000 | സ്കോളർഷിപ്പ് -ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് | 50000 | 0 |
| | | 0 | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 0 | 300000 | ക്ഷീര സമൃദ്ധി ജനറൽ | 300000 | 0 |
| | | 0 | 150000 | ക്ഷീര സമൃദ്ധി വനിത | 150000 | 0 |
| | | 0 | 100000 | ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം | 100000 | 0 |
| | 2018-19 | 100000 | 0 | ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം സ്പിൽ ഓവർ | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 1349200 | 0 | മറ്റ് വിവിധ പ്രോജക്ടുകൾ | *310508 | 1038692 |
| ആകെ | | 1449200 | 3635489 | | 2267441+310508* | 2506740 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 59850 | ഹരിത ഭവനം | 59850 | 0 |
| | | 0 | 96501 | ക്ഷീര സമൃദ്ധി വനിത | 96501 | 0 |
| | | 0 | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 0 | 16200 | ക്ഷീര സമൃദ്ധി ജനറൽ | 16200 | 0 |
| | 2018-19 | 35038 | 0 | ലൈഫ് ജനറൽ | 35038 | 0 |
| | | 305770 | 0 | മറ്റ് പ്രോജക്ടുകൾ | 0 | 305770 |
| ആകെ | | 340808 | 535926 | | 570964 | 305770 |

*ബ്ലോക്ക് പഞ്ചായത്തിൽ തിരികെ ഒടുക്കിയത് 310508

| | 2018-19 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2019-20 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് + തിരിച്ചടവ് | നീക്കിയിരിപ്പ് | 2019-20 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1449200 | 3635489 | 5084689 | 2267441+310508 | 2506740 | 2506740 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 340808 | 535926 | 876734 | 570964 | 305770 | 305770 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 394255 | 150/20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 650000 | 0 | 650000 | 0 | 1044255 |
| കെ.എസ്.ഇ.ബി | 0 | 180 /20വൈദ്യുത പോസ്റ്റ്മാറ്റി സ്ഥാപിക്കൽ | 120156 | 0 | 120156 | വിനിയോഗ സാക്ഷ്യപത്രം 2020-21 ൽ ലഭ്യമായിട്ടുണ്ട് | |
| | | പി.എച്ച്.സി സബ് സെന്റർ ഇലക്ട്രിഫിക്കേഷൻ (തനത് ഫണ്ട്) | 28930 | 0 | 28930 | | |

| | 2018-19 B-18 , ഷെഡ്യൂൾ | 2019-20 വർഷത്തെ | ആകെ | സുലേഖ | നീക്കിയിരിപ്പ് | 2019-20 B-18 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|

| | പ്രകാരം മുന്നിരിപ്പ് | നിക്ഷേപം RP-47 | | പത്രിക പ്രകാരം ചെലവ് | | നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 394255 | 650000 | 1044255 | 650000 | 1044255 | 1044255 |
| കെ.എസ്.ഇ.ബി | 0 | 149086 | 149086 | 149086 | 149086 | 149086 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ തീ.18.05.2018 | 6093129 | 100000 | 573529 | 5619600 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 19024615.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 58819180 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58976100 |
| നീക്കിയിരിപ്പ് | 18867695.43 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1723741 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-20 | 2,24,700 | ഡോ.സൈജു എം.ബി, വെറ്ററിനറി സർജൻ |
| 1-23 | 240000 | ഡോ. ജോണി.എസ്.പെരേര,<br>മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി |
| 1-26 | 477210 | ഡോ. ജോണി.എസ്.പെരേര,<br>മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി |
| 1-28 | 737480 | 650000- ശ്രീ. സ്റ്റാൻലി.ഒ.എസ്, സെക്രട്ടറി<br>87480 – ശ്രീമതി ജെസ്സി.എസ്, സെക്രട്ടറി |
| 1-31 | 14351 | ശ്രീമതി വിസി.ബി.ആർ,<br>ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| 1-33 | 30000 | ശ്രീ. ആദർശ് മോഹൻ,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 2 |
| ആകെ | 1723741/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജോണി.എസ്.പെരേര, മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി തോണിപ്പാറ, ഇലകമൺ ഗ്രാമപഞ്ചായത്ത് | A22 ലൂർഡെസ് വില്ല, കനകനഗർ റോഡ് വെള്ളയമ്പലം,തിരുവനന്തപുരം. |
| ശ്രീ. സ്റ്റാർലി.ഒ.എസ്, സെക്രട്ടറി | സെക്രട്ടറി, കിഴവിലം ഗ്രാമപഞ്ചായത്ത് | വിപഞ്ചിക,മാർക്കറ്റ്റോഡ്, ആറ്റിങ്ങൽ |
| ശ്രീമതി ജെസ്സി.എസ്, സെക്രട്ടറി | സെക്രട്ടറി. ഇലകമൺ ഗ്രാമപഞ്ചായത്ത് | കണ്ണേറ്റിൽ,വിളഭാഗം,നെടുങ്കണ്ട പി.ഒ, തിരുവനന്തപുരം |
| ശ്രീമതി വിസി.ബി.ആർ, ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ, ഇലകമൺ ഗ്രാമപഞ്ചായത്ത് | രതീഷ് മന്ദിരം മണമ്പൂർ.പി.ഒ പിൻ-695611 |
| ശ്രീ. ആദർശ് മോഹൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇലകമൺ ഗ്രാമപഞ്ചായത്ത് | മോഹനവിലാസം മാമ്പണിക്കുന്നം ചാത്തന്നൂർ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1380/2016, തീയതി 03.08.2016 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1720/2016, തീയതി 31.10.2016 | 16 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1415/2017, തീയതി 05.07.2017 | 19 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/176/2019, തീയതി 08.03.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/197/2020, തീയതി 08.05.2020 | 36 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്